# എച്ച്.ഐ.വി: ജീവിതചര്യയിലൂടെ സാധാരണജീവിതത്തിലേക്ക്

**ലോ**കജനതയിലെ വലിയൊരു ഭാഗത്തെ തുടച്ചു നീക്കാൻ ശേഷിയുള്ള ഒരു രോഗാണുവാണ് എച്ച്.ഐ.വി. ഇക്കാലമത്രയുമായിട്ടും ഇതിനു ഫലപ്രദമായ ഒരു പ്രതിവിധി കണ്ടെത്താനുമായിട്ടില്ല.

വളരെക്കാലം രോഗലക്ഷണങ്ങൾ കാണിക്കാതെ രോഗം പരത്താൻ രോഗവാഹകർക്കാകുമെന്നതാണ് ഭയാനകമായ ഒരു വശം. അതുകൊണ്ടുതന്നെ നിശബ്ദമായി രോഗം പകരാനുള്ള സാധ്യതയും കൂടുതലാണ്. പ്രതിരോധശേഷിയെ കുറയ്ക്കുന്നതുകൊണ്ട് എച്ച്.ഐ.വി. അണുബാധിതർക്ക് ക്ഷയം പോലുള്ള രോഗങ്ങൾ ബാധിക്കാൻ സാധ്യത കൂടുതലാണ്.

ഇത്രയും സാമൂഹ്യനിന്ദയും അവഗണനയും ആരോഗ്യരംഗത്തു പോലും ഉണ്ടാക്കിയിട്ടുള്ള ഒരു രോഗം അടുത്ത കാലത്തുണ്ടായിട്ടില്ല. എച്ച്.ഐ.വി പ്രതിരോധിക്കാൻ മരുന്നില്ലാത്ത സാഹചര്യത്തിൽ സ്വഭാവമാറ്റവും സുരക്ഷിത ലൈംഗികതയും മാത്രമാണ് വിശ്വസിക്കാവുന്ന പ്രതിരോധം.

ഇതൊക്കെയാണെങ്കിലും എച്ച്.ഐ. വി ബാധ തുടക്കത്തിൽ തന്നെ കണ്ടെത്തുന്നത് രോഗ പ്രതിരോധത്തിന് അവസരമൊരുക്കും. എയ്ഡ്സ് ബാധിതർക്ക് ആന്റിറെട്രോവൈറൽ ചികിത്സ (എ.ആർ.ടി) വഴി രോഗ പ്രതിരോധശേഷി വർധിപ്പിക്കുന്നതിനും അതുവഴി സാധാരണ ജീവതത്തിലേക്കു തിരിച്ചു പോകുന്നതിനും സാധിക്കും. സുരക്ഷിത ലൈംഗിക ബന്ധം നിർബന്ധമാണ് എന്നതൊഴികെ മറ്റൊരു തരത്തിലും എ.ആർ.ടി ചികിത്സയിലുള്ള അണുബാധിതരുടെ ജീവിതം മറ്റു രോഗികളിൽ നിന്നു വ്യത്യസ്തമാകുന്നില്ല.

ഓരോ വർഷവും ഒന്നിലധികം കൂടുതൽ ഫലപ്രദമായ മരുന്നുകൾ കണ്ടുപിടിക്കുന്ന സാഹചര്യത്തിൽ എച്ച്.ഐ.വി. അണുബാധിതന് ഭാവിയിൽ സാധാരണ ജീവിതദൈർഘ്യം പ്രതീക്ഷിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല.

എ.ആർ.ടിയുടെ വിജയം നിരവധി ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. രോഗി എത്ര കൃത്യതയോടെ മരുന്നു കഴിക്കുന്നു, മരുന്നിന്റെ പാർശ്വഫലങ്ങൾ, ചികിത്സാപദ്ധതി എത്ര കൃത്യമായി തുടരുന്നു, മറ്റു ചികിത്സാസൗകര്യങ്ങളുടെ ലഭ്യത, രണ്ടാം ഘട്ട ചികിത്സയുടെ ലഭ്യത, സമൂഹത്തിനു രോഗത്തോടുള്ള കാഴ്ചപ്പാട് തുടങ്ങി ഒട്ടേറെ ഘടകങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ അണുബാധിതർക്ക് മനുഷ്യാവകാശങ്ങൾ ഉറപ്പുവരുത്തുന്നതിലും ശരിയായ ഭക്ഷണവും പോഷണവും ലഭ്യമാക്കുന്നതിലും സാമൂഹികവും സാമ്പത്തികവുമായ പുനരധിവാസം ഉറപ്പാക്കുന്നതിലും കൂടി ശ്രദ്ധിക്കണം.

*തയാറാക്കിയത്:*

**ഡോ.അജിത്കുമാർ കെ., എംഡി, ഡിഡി**
അസിസ്റ്റന്റ് പ്രഫസർ ഇൻ ഡെർമറ്റോളജി,
ഗവൺമെന്റ് മെഡിക്കൽ കോളജ്, തൃശൂർ



# ഭാരത് നിർമാൺ പ്രദർശനത്തിൽ എയ്ഡ്സ് പ്രതിരോധ സന്ദേശസ്റ്റാൾ ശ്രദ്ധേയമായി

**നി**ലമ്പൂരിൽ നടന്ന ഭാരത് നിർമാൺ പൊതുജനസമ്പർക്ക പരിപാടിയിൽ എയ്ഡ്സ് രോഗപ്രതിരോധവുമായി ബന്ധപ്പെട്ടു നടക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന സ്റ്റാൾ ശ്രദ്ധേയമായി. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിക്കു വേണ്ടി മലപ്പുറം ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന 'സുരക്ഷ' പദ്ധതിയാണ് സ്റ്റാൾ ഒരുക്കിയത്.

കേന്ദ്രസർക്കാരിന്റെ സുപ്രധാന പദ്ധതികളെക്കുറിച്ചുള്ള ജനസമ്പർക്കപരിപാടിയായാണ് ഭാരത് നിർമാൺ സംഘടിപ്പിച്ചത്. എറണാകുളം പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിച്ച അഞ്ചു ദിവസത്തെ പരിപാടിയിൽ കേന്ദ്രസർക്കാരിന്റെ 50 വകുപ്പുകളുടെ സ്റ്റാളുകൾ ഒരുക്കിയിരുന്നു.

എയ്ഡ്സിനെക്കുറിച്ചും ലൈംഗിക രോഗങ്ങളേക്കുറിച്ചും ആരോഗ്യകരമായ ജീവിതത്തേക്കുറിച്ചുമുള്ള സന്ദേശങ്ങൾ നൽകുന്ന പോസ്റ്ററുകൾ, സ്റ്റിക്കറുകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കുകയും എയ്ഡ്സ് രോഗപ്രതിരോധവുമായി ബന്ധപ്പെട്ടു നടക്കുന്ന പ്രവർത്തനങ്ങളും മറ്റും വിശദീകരിക്കുന്ന ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു.

പ്രദർശനത്തോടൊപ്പം നടന്ന ആരോഗ്യപരിരക്ഷാ സെമിനാറിൽ സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയെ പ്രതിനിധീകരിച്ച് മലപ്പുറം ജില്ലാ 'സുരക്ഷ' പ്രോജക്ട് മാനേജർ മുഹമ്മദ് കട്ടുപ്പാറ ക്ലാസെടുത്തു. എയ്ഡ്സിനെക്കുറിച്ചും അതിന്റെ കാരണങ്ങൾ, നിയന്ത്രണ പരിപാടികൾ, എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എന്നിവയേക്കുറിച്ചും വിശദീകരിച്ച ക്ലാസിൽ മുന്നൂറിലേറെപ്പേർ പങ്കെടുത്തു. 'സുരക്ഷ' പ്രോജക്ടിൽ നിന്നുള്ള പോസിറ്റീവ് സ്പീക്കർമാരായ നാഗരാജ്, ശ്രീജ എന്നിവർ തങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കുവച്ചത് സെമിനാറിൽ പങ്കെടുത്തവർക്ക് പുത്തൻ അനുഭവമായി.

കേന്ദ്ര വിദേശകാര്യ സഹമന്ത്രി ഇ.അഹമ്മദ് പൊതുജനസമ്പർക്ക പരിപാടി ഉദ്ഘാടനം ചെയ്തു. പി.വി.അബ്ദുൾവഹാബ് എംപി അധ്യക്ഷത വഹിച്ചു. ആര്യാടൻ മുഹമ്മദ് എംഎൽഎ, പി.കെ.അബ്ദുറബ്ബ് എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അരിമ്പ്ര മുഹമ്മദ്മാസ്റ്റർ, ജില്ലാ കളക്ടർ എം.സി.മോഹൻദാസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.എ.റസാഖ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആര്യാടൻ ഷൗക്കത്ത് തുടങ്ങിയവർ പ്രസംഗിച്ചു. ഡയറക്ടറേറ്റ് ഓഫ് ഫീൽഡ് പബ്ലിസിറ്റി, ഡിഎവിപി, സോഗ്സ് ആൻഡ് ഡ്രാമ ഡിവിഷൻ, ആകാശവാണി, ദൂരദർശൻ, ഫിലിംസ് ഡിവിഷൻ, പബ്ലിക്കേഷൻ ഡിവിഷൻ, നിലമ്പൂർ ഗ്രാമപഞ്ചായത്ത്, കേന്ദ്രഗവൺമെന്റിന്റെ വിവിധ വകുപ്പുകൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെയാണ് പരിപാടി നടത്തിയത്.

*തയാറാക്കിയത്:*

**ബഷീർ,** ഫീൽഡ് പ്രോഗ്രാം കോർഡിനേറ്റർ,
സുരക്ഷ, മലപ്പുറം

Printed & Published by Project Director, Kerala Sate AIDS Control Society, Thiruvananthapuram - 35
Ph: +91 471 2304882, 2330404, 2303763, Fax: +91 471 2305183. For private circulation only

KSACS
കേരള സംസ്ഥാന എയ്ഡ്സ്
നിയന്ത്രണ സൊസൈറ്റിയുടെ
വാർത്താപത്രിക

# അറിയുക

Volume 3 Issue 6 April 2008

# സംസ്ഥാനത്ത് 94 ജ്യോതിസ് കേന്ദ്രങ്ങൾ ആരംഭിക്കും: മന്ത്രി പി.കെ.ശ്രീമതി

**എ**യ്ഡ്സ് നിയന്ത്രണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് 94 ജ്യോതിസ് കേന്ദ്രങ്ങൾ കൂടി ആരംഭിക്കുമെന്ന് മന്ത്രി പി.കെ.ശ്രീമതി പറഞ്ഞു. സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ തുടങ്ങിയ ജ്യോതിസ് കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പുതുതായി തുടങ്ങുന്ന കേന്ദ്രങ്ങളിൽ അമ്പതെണ്ണം സ്വകാര്യ പങ്കാളിത്തത്തോടെ അവരുടെ മേഖലയിലായിരിക്കും. ടെസ്റ്റിംഗിനും കൗൺസലിംഗിനുമായി നിലവിൽ 102 ജ്യോതിസ് കേന്ദ്രങ്ങൾ ഉണ്ട്. എച്ച്.ഐ.വി. അണുബാധ മറ്റു രോഗങ്ങൾക്കിടയിൽ ഒരു വെല്ലുവിളിയായി തന്നെ നിലനിൽക്കുന്നു. ഇത് നിയന്ത്രിക്കാനുള്ള സംവിധാനങ്ങളുണ്ട്. എന്നാൽ ഇവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ലെന്നും ഇതിനെ ഗൗരവമായി കാണേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു. പരിപാടിയുടെ ഭാഗമായി നടന്ന സന്നദ്ധരക്തദാന ക്യാമ്പിൽ രക്തം ദാനം ചെയ്തവർക്കുള്ള ഉപഹാരം ചടങ്ങിൽ മന്ത്രി വിതരണം ചെയ്തു. പന്ന്യൻ രവീന്ദ്രൻ എംപി അധ്യക്ഷനായിരുന്നു.

തിരുവനന്തപുരം റെയിൽവേ ഡിവിഷണൽ മാനേജർ ടൈറ്റസ് പി.കോശി, കോർപറേഷൻ കൗൺസിലർ ചാല മോഹനൻ, റെയിൽവേ മെഡിക്കൽ ഓഫീസർ ഡോ. മേരി മാത്യു എന്നിവർ പ്രസംഗിച്ചു. ആരോഗ്യവകുപ്പ് സ്പെഷൽ സെക്രട്ടറി ഡോ.ഉഷ ടൈറ്റസ് ഐഎഎസ് സ്വാഗതവും സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ.ടി.വി. വേലായുധൻ നന്ദിയും പറഞ്ഞു. തുടർന്ന് മജീഷ്യൻ ജെ.പി. അജിത്തും സംഘവും അവതരിപ്പിച്ച മാജിക്ക് ഷോയും ഉണ്ടായിരുന്നു.



*തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ ആരംഭിച്ച ജ്യോതിസ് കേന്ദ്രത്തിന്റെ ഉദ്ഘാടനം ആരോഗ്യവകുപ്പുമന്ത്രി പി.കെ.ശ്രീമതി ടീച്ചർ നിർവഹിക്കുന്നു. പന്ന്യൻ രവീന്ദ്രൻ എംപി, കോർപറേഷൻ കൗൺസിലർ ചാല മോഹനൻ, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ.ഉഷ ടൈറ്റസ് ഐഎഎസ്, തിരുവനന്തപുരം റെയിൽവേ ഡിവിഷണൽ മാനേജർ ടൈറ്റസ് പി.കോശി, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി. വേലായുധൻ, റെയിൽവേ ചീഫ് മെഡിക്കൽ ഓഫീസർ ഡോ. മേരി മാത്യു എന്നിവർ സമീപം.*

# കേന്ദ്ര ബജറ്റ്: എയ്ഡ്സ് പ്രതിരോധത്തിന് 993 കോടി

**ഇ**ന്ത്യയിലെ എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ദേശിയ എയ്ഡ്സ് നിയന്ത്രണ പരിപാടിക്ക് ഇത്തവണത്തെ കേന്ദ്രബജറ്റിൽ 993 കോടി രൂപ വകയിരുത്തി.

ബജറ്റിൽ അധികതുക വകയിരുത്തിയതു കൂടാതെ ആന്റിറിട്രോവൈറൽ ഔഷധങ്ങളുടെ എക്സൈസ് തീരുവ പൂർണമായും എടുത്തുകളയുകയും ചെയ്തിട്ടുണ്ട്.

എച്ച്.ഐ.വി, എയ്ഡ്സ് ബാധിതരുടെ നിരക്ക് 0.9 ശതമാനത്തിൽ നിന്ന് 0.36 ശതമാനമായി കുറഞ്ഞതായി പഠനങ്ങൾ കാണിക്കുന്നതായി ധനമന്ത്രി പി.ചിദംബരം തന്നെ അദ്ദേഹത്തിന്റെ ബജറ്റ് പ്രസംഗത്തിൽ എടുത്തു പറയുന്നുണ്ട്.

ആരോഗ്യ മേഖലയ്ക്കു മൊത്തത്തിലുള്ള വിഹിതത്തിലും ഇത്തവണ കഴിഞ്ഞ വർഷത്തേക്കാൾ 15 ശതമാനം വർധനയുണ്ട്. 16,534 കോടി രൂപയാണ് ഈ മേഖലയ്ക്കായി മൊത്തത്തിൽ വകയിരുത്തിയിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ പ്രധാനമായി നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വഴിയാണ് നടപ്പിലാക്കുന്നത്. ഇതിനുള്ള വിഹിതം 12,050 കോടി രൂപയാണ്.

## എയ്ഡ്സ് ബാധിതർക്ക് റെയിൽവേയുടെ സൗജന്യം

മന്ത്രി ലാലു പ്രസാദ് യാദവ് അവതരിപ്പിച്ച ഇത്തവണത്തെ റെയിൽവേ ബജറ്റിൽ എച്ച്.ഐ.വി/എയ്ഡ്സ് ബാധിതർക്ക് യാത്രാ ആനുകൂല്യം. എ.ആർ.ടി. സെന്ററുകളിൽ ചികിത്സയ്ക്കു പോകുന്ന എയ്ഡ്സ് ബാധിതർക്ക് സെക്കൻഡ് ക്ലാസ് നിരക്കിൽ 50 ശതമാനം സൗജന്യമാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

## പത്രാധിപക്കുറിപ്പ്

# ആരോഗ്യമുള്ള സമൂഹത്തിനായി നമുക്ക് ഒരുമിക്കാം

നീണ്ട ഒരു ഇടവേളയ്ക്കു ശേഷം 'അറിയുക' വീണ്ടും വായനക്കാരിലേക്ക് വരികയാണ്. ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി മൂന്നാംഘട്ടത്തിലെത്തി നിൽക്കുന്ന ഈ സന്ദർഭത്തിൽ 'അറിയുക'യുടെ പ്രാധാന്യം വർധിക്കുന്നു എന്ന തിരിച്ചറിവാണ് പുനഃപ്രസിദ്ധീകരണത്തിനു പ്രചോദനമായത്. വിവിധ കാരണങ്ങളാൽ കുറച്ചു നാളായി 'അറിയുക'യുടെ പ്രസിദ്ധീകരണം നിലച്ചു പോയിരുന്നു.

എച്ച്.ഐ.വി. നിയന്ത്രണ പരിപാടിയിൽ സംയോജിത കൗൺസലിംഗ് ആൻഡ് ടെസ്റ്റിംഗ് കേന്ദ്രങ്ങളുടെ പ്രാധാന്യം വളരെ വലുതാണ്. സമൂഹത്തിലുള്ളവർക്ക് എച്ച്.ഐ.വി. നിർണയം സ്വകാര്യതയോടെയും മികച്ച കൗൺസലിംഗിന്റെയും സഹായത്തോടെ നടത്താം എന്നതാണ് ഈ കേന്ദ്രങ്ങളുടെ പ്രത്യേകത.

കേരളത്തിൽ ഇത്തരം കേന്ദ്രങ്ങൾ അറിയപ്പെടുന്നത് ജ്യോതിസ് കേന്ദ്രങ്ങൾ എന്ന പേരിലാണ്. നമ്മുടെ സംസ്ഥാനത്ത് 24831 പേർ എച്ച്.ഐ.വി. അണുബാധിതരാണെന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ ആന്റി റിട്രോവൈറൽ ചികിത്സ നൽകുന്ന ഉഷസ് കേന്ദ്രങ്ങളിലും എച്ച്.ഐ.വി. അണുബാധിതരുടെ കൂട്ടായ്മയായ പ്രത്യാശയിലും രജിസ്റ്റർ ചെയ്തിട്ടുള്ള എച്ച്.ഐ.വി. അണുബാധിതരുടെ എണ്ണം അയ്യായിരത്തോളം മാത്രമേയുള്ളു. അതായത് നിരവധി പേർ ഇപ്പോഴും തങ്ങൾ എച്ച്.ഐ.വി. അണുബാധിതരാണെന്ന് അറിയാതെ ജീവിക്കുന്നു എന്നർത്ഥം. ഇത് ഈ വൈറസിന്റെ വ്യാപനത്തെ സഹായിക്കുക മാത്രമാണ് ചെയ്യുക. ഒരാൾ എച്ച്.ഐ.വി. അണുബാധിതനാണെന്ന് എത്ര നേരത്തെ അറിയുന്നുവോ അത്രയും നേരത്തെ ആവശ്യമായ മുൻകരുതലുകൾ എടുത്താൽ നല്ല ആരോഗ്യത്തോടെ ജീവിക്കാൻ സാധിക്കും. മാത്രമല്ല, മറ്റൊരാളിലേക്ക് ഈ അണുബാധ പകരാതിരിക്കാൻ ശ്രദ്ധിക്കുകയുമാകാം. അതിനാൽ തന്നെ എച്ച്.ഐ.വി. നിർണയം നടത്തേണ്ടതിന്റെ പ്രാധാന്യം വർധിക്കുന്നു; അതുവഴി ജ്യോതിസ് കേന്ദ്രങ്ങളുടെയും.

എച്ച്.ഐ.വി. നിർണയം നടത്താൻ സാധാരണക്കാർ മുന്നോട്ടു വരാത്തതിന്റെ കാരണങ്ങൾ നിരവധിയാണ്. എച്ച്.ഐ.വി. നിർണയം നടത്തുന്നത് തനിക്കും കുടുംബത്തിനും അതിലുപരി സമൂഹത്തിനും ഗുണം ചെയ്യുമെന്നിരിക്കേ ഭയപ്പെട്ടു പിന്മാറേണ്ട ആവശ്യമില്ല.

ഈ പശ്ചാത്തലത്തിൽ എച്ച്.ഐ.വി. നിർണയത്തിന് സമൂഹത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കർമപരിപാടിക്ക് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി രൂപം നൽകി വരികയാണ്. അതിന്റെ ആദ്യപടിയാണ് പുതുതായി ആരംഭിക്കുന്ന ജ്യോതിസ് കേന്ദ്രങ്ങൾ.

കൗൺസലിംഗിലൂടെ ജീവിതനിലവാരം വർധിപ്പിക്കാൻ സമൂഹത്തെ സഹായിക്കുക എന്ന ലക്ഷ്യത്തോടൊപ്പം എച്ച്.ഐ.വി. അണുബാധാ നിർണയത്തിനു കൂടി സൗകര്യമൊരുക്കുകവഴി വലിയൊരു ഉത്തരവാദിത്വമാണ് ജ്യോതിസ് കേന്ദ്രങ്ങൾ ചുമലിലേറ്റുന്നത്.

സമൂഹത്തിൽ നല്ല ആരോഗ്യം നിലനിർത്താനുള്ള ജ്യോതിസിന് നമുക്കൊരുമിച്ച് തിരികൊളുത്താം.

**ഡോ. ഉഷ ടൈറ്റസ് ഐഎഎസ്**
പ്രോജക്ട് ഡയറക്ടർ




*'ഞങ്ങളോടു സംസാരിക്കൂ' പരിപാടിയുടെ ഭാഗമായി മുണ്ടക്കയം പഞ്ചായത്തിൽ നടത്തിയ എക്സിബിഷന്റെ ഉദ്ഘാടന ചടങ്ങിൽ നിന്ന്.*

# ജ്യോതിസ് കേന്ദ്രങ്ങളെ പ്രചരിപ്പിക്കാൻ എക്സിബിഷനുകൾ

**ക**ൗൺസലിംഗിന്റെയും എച്ച്.ഐ.വി പരിശോധനയുടെയും ആവശ്യകത ബോധ്യപ്പെടുത്താനായി പുത്തൻ പ്രചാരണ രീതി. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി, ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റുമായി ചേർന്നാണ് 'ഞങ്ങളോടു സംസാരിക്കൂ' എന്ന പേരിൽ എക്സിബിഷനും പൊതുജനങ്ങളുമായി ആശയ വിനിമയവും നടത്തി വരുന്നത്.

കേരളത്തിലെമ്പാടുമുള്ള ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, മറ്റു പൊതുസ്ഥലങ്ങൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് ഈ ബോധവത്കരണ പരിപാടി നടത്തുന്നത്.

എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ നേതൃത്വത്തിൽ 51 കേന്ദ്രങ്ങളിൽ കൗൺസലിംഗ്, ടെസ്റ്റിംഗ് കേന്ദ്രങ്ങളായ ജ്യോതിസ് നിലവിലുണ്ട്. സർക്കാർ മെഡിക്കൽ കോളജുകൾ, ജില്ലാ/ താലൂക്ക് ആശുപത്രികൾ, തെരഞ്ഞെടുക്കപ്പെട്ട സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് ജ്യോതിസ് എന്ന പേരിൽ ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

ജ്യോതിസ് കേന്ദ്രങ്ങളെ മെഡിക്കൽ കൗൺസലിംഗ് കേന്ദ്രങ്ങൾ എന്ന നിലയിൽ പ്രചരിപ്പിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.

# എച്ച്.ഐ.വിയെ പ്രതിരോധിക്കാൻ ജീൻ കണ്ടെത്തി

**എ**ച്ച്.ഐ.വി വൈറസുകളെ പ്രതിരോധിക്കാൻ ശേഷിയുള്ള ജീൻ കണ്ടെത്തി. എയ്ഡ്സിനെ പ്രതിരോധിക്കാനുള്ള ശ്രമങ്ങളിൽ നിർണായകമായ കണ്ടുപിടിത്തമാണിത്.

യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ടയിലെ ഒരു കൂട്ടം ഗവേഷകരാണ് ഈ കണ്ടുപിടിത്തം നടത്തിയിരിക്കുന്നത്.

ഡിപ്പോർട്ട്മെന്റ് ഓഫ് മെഡിക്കൽ മൈക്രോ ബയോളജി ആൻഡ് ഇമ്യൂണോളജിയിലെ മോളിക്യുലർ വൈറോളജിസ്റ്റ് ആയ സ്റ്റീഫൻ ബാർ ആണ് ഈ അവകാശവാദമുന്നയിച്ചിരിക്കുന്നത്. ട്രിം22 എന്ന പേരിലുള്ള ജീനിന് കോശങ്ങൾക്കുള്ളിലെ എച്ച്.ഐ.വി അണുബാധ തടയാൻ കഴിയുമെന്നും അതു വഴി വൈറസിന്റെ വ്യാപനം തടയാൻ സാധിക്കുമെന്നുമാണ് കണ്ടെത്തിയിരിക്കുന്നത്.







## ഇന്ത്യയിലെ എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങളേക്കുറിച്ച് പഠനറിപ്പോർട്ട്

# ഗ്രാമീണ സ്ത്രീകൾക്കിടയിൽ കൂടുതൽ ഇടപെടലുകൾ ആവശ്യം

**രാ**ജ്യത്തെ പെൺകുട്ടികൾക്കും യുവതികൾക്കുമിടയിൽ എച്ച്.ഐ.വി പ്രതിരോധപ്രവർത്തനങ്ങൾ ഊർജിതമാക്കാൻ ശുപാർശ.

ഇന്റർനാഷണൽ പ്ലാൻഡ് പേരന്റ്ഹുഡ് ഫെഡറേഷൻ തയാറാക്കിയ റിപ്പോർട്ട് കാർഡിലാണ് ഈ ശുപാർശയുള്ളത്. യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ടിന്റെ സഹകരണത്തോടെ ഗ്ലോബൽ കോഅലീഷൻ ഓൺ വിമെൻ ആൻഡ് എയ്ഡ്സിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംഘടനയാണിത്.

ഗ്രാമീണ, ആദിവാസി മേഖലകളിലെ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമിടയിൽ എച്ച്.ഐ.വിയേക്കുറിച്ചുള്ള അറിവ് വളരെ പരിമിതമാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. അതുകൊണ്ടു തന്നെ ഈ വിഭാഗങ്ങൾ രോഗാണുബാധയ്ക്കു കൂടുതൽ സാധ്യതയുള്ളവരായി മാറുന്നു. ഈ സാഹചര്യത്തിൽ, 15നും 24നുമിടയിൽ പ്രായമുള്ള സ്ത്രീകൾക്കും പെൺകുട്ടികൾക്കുമിടയിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്.

2005 ലെ കണക്കുകളനുസരിച്ച് എച്ച്.ഐ.വി അണുബാധിതരിൽ 38.5% സ്ത്രീകളാണ്. ഭർത്താക്കന്മാരിൽ നിന്ന് രോഗാണുബാധിതരാകുന്ന സ്ത്രീകളുടെ എണ്ണവും വർധിച്ചു വരികയാണ്. ഇവരിൽ പലരും ശാസ്ത്രീയ ചികിത്സാരീതികൾക്കു വിധേയരാകുന്നുമില്ല. ഇതെല്ലാം പ്രശ്നത്തിന്റെ ഗൗരവം വർധിപ്പിക്കുകയാണ്.

2012ൽ അവസാനിക്കുന്ന ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടിയുടെ മൂന്നാം ഘട്ട കാലയളവിൽ രോഗബാധയുടെ വ്യാപനം അവസാനിപ്പിക്കാനും രോഗബാധിതരുടെ എണ്ണം കുറച്ചു കൊണ്ടു വരാനുമാണ് ലക്ഷ്യമിടുന്നത്.

ചികിത്സ ആവശ്യമുള്ളവരിൽ വെറും ആറു ശതമാനം മാത്രമാണ് ഇപ്പോൾ എ.ആർ.ടി പ്രവർത്തനകേന്ദ്രങ്ങളിൽ ചികിത്സയ്ക്കെത്തുന്നത്. ഇത് 2011 നകം 63 ശതമാനം ആക്കണമെന്നും ലക്ഷ്യമിടുന്നുണ്ട്. അതു പോലെ തന്നെ എച്ച്.ഐ.വി, എയ്ഡ്സ് ബാധിതരുടെ എണ്ണം 508,200 ൽ നിന്നും 473,500 ആക്കി കുറയ്ക്കാനും ഉദ്ദേശിക്കുന്നു. ഇതിനായി രാജ്യത്താകമാനമായി 250 എ. ആർ.ടി സെന്ററുകൾ കൂടി തുടങ്ങണം.

എച്ച്.ഐ.വി, എയ്ഡ്സ് ബാധിതരോടുള്ള സമീപനത്തിൽ മാറ്റം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇവർക്കെതിരായ വിവേചനം അവസാനിപ്പിക്കണം. അതോടൊപ്പം ചികിത്സാ സംവിധാനങ്ങൾ കൈയെത്തും ദൂരത്തിൽ എത്തിച്ചെങ്കിൽ മാത്രമേ ഗ്രാമീണരും പാവപ്പെട്ടവരുമായിട്ടുള്ളവർക്കിടയിലേക്ക് ഈ പ്രവർത്തനങ്ങൾ വിജയകരമായി എത്തിക്കുവാൻ സാധിക്കുകയുള്ളു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശുപാർശകളുമാണ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

### കണ്ടെത്തലുകൾ, ശുപാർശകൾ

- ഗ്രാമീണ, ആദിവാസി സ്ത്രീകൾക്ക് എയ്ഡ്സിനേക്കുറിച്ച് അവബോധം കുറവ്
- 15നും 24 നുമിടയിലുള്ള സ്ത്രീകൾക്കിടയിൽ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം
- എച്ച്.ഐ.വി. അണുബാധിതരിൽ 38.5% സ്ത്രീകൾ
- എ.ആർ.ടി. സെന്ററുകളിലെത്തുന്നത് ചികിത്സ ആവശ്യമുള്ളവരിൽ 6% മാത്രം

# 'രക്തദാനം ജീവദാനം' പരിപാടിക്ക് തുടക്കമായി




*'രക്തദാനം ജീവദാനം' പരിപാടിയുടെ ഭാഗമായി കോവളത്ത് സംഘടിപ്പിച്ച ശില്പശാലയുടെ സമാപനസമ്മേളനത്തെ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. ഉഷ ടൈറ്റസ് ഐഎഎസ് അഭിസംബോധന ചെയ്യുന്നു.*

**ര**ക്തദാനം പ്രചരിപ്പിക്കാൻ 'രക്തദാനം ജീവദാനം' എന്ന പേരിൽ പ്രചരണ പരിപാടിയും രക്തദാനക്യാമ്പുകളും സംഘടിപ്പിക്കുന്നു. ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള കാലയളവിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

പ്രചരണ പരിപാടിക്ക് രൂപം നൽകുന്നതിനായി ഗവൺമെന്റ് ബ്ലഡ് ബാങ്കുകൾ, നെഹ്റു യുവകേന്ദ്ര, യൂത്ത് ക്ലബ്ബുകൾ, റെഡ് റിബൺ ക്ലബ്ബുകൾ, ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ്, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി എന്നിവയുടെ പ്രതിനിധികൾ പങ്കെടുത്ത ശില്പശാല കോവളത്ത് സംഘടിപ്പിച്ചു. എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ.ടി.വി.വേലായുധൻ പരിപാടി ഉദ്ഘാടനം ചെയ്തു. ജോയിന്റ് ഡയറക്ടർ എസ്.അജയ്കുമാർ പ്രസംഗിച്ചു.

സമാപന സമ്മേളനത്തെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്പെഷൽ സെക്രട്ടറിയും എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടറുമായ ഡോ.ഉഷ ടൈറ്റസ് ഐഎഎസ് അഭിസംബോധന ചെയ്തു. സംസ്ഥാനത്തൊട്ടാകെ 37 രക്തബാങ്കുകളാണുള്ളത്. നൂറു ശതമാനം സാക്ഷരത കൈവരിച്ചെങ്കിലും കേരളത്തിൽ രക്തദാനത്തിനു സന്നദ്ധരായി മുന്നോട്ടു വരുന്നവരുടെ എണ്ണം തുലോം കുറവാണ്.

ഈ സാഹചര്യത്തിലാണ് താഴേത്തട്ടിൽ രക്തദാനത്തേക്കുറിച്ച് ബോധവത്കരണം നടത്തുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി 37 രക്തബാങ്കുകളുടെ കീഴിൽ നാലുവീതം ഗ്രാമങ്ങളിൽ രക്തദാന സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രചരണ പരിപാടിയും അതിനോടനുബന്ധിച്ച് രക്തദാന ക്യാമ്പും സംഘടിപ്പിക്കും.

നെഹ്റു യുവകേന്ദ്ര, യൂത്ത് ക്ലബ്ബുകൾ, പഞ്ചായത്തുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും രക്തബാങ്കുകളുടെ നേതൃത്വത്തിൽ പദ്ധതി നടപ്പാക്കുക.